(ബി) നേരത്തെയുള്ള അപേക്ഷകർക്ക് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നില്ല. ജൂലൈ 31-ാംതീയ്യതിക്ക് മുമ്പ് അയയ്ക്കുന്ന അപേക്ഷകർ മുഴുവൻ സ്വീകരിക്കാൻ വ്യവസ്ഥയുള്ള സ്ഥിതിക്ക് മുൻഗണനയുടെ ആവശ്യമില്ല.

മദ്യനിരോധനം.

* 103. [51] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെല്ലാം താലൂക്കുകളാണ് മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഇല്ലെങ്കിൽത്തന്നെ, ദേവികുളം പീരുമേട് താലൂക്കുകളിൽ എങ്കിലും മദ്യനിരോധനം നടപ്പിലാക്കാൻ ഗവണ്മെന്റ് നടപടികൾ എടുക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) തീരുമാനിച്ചിട്ടില്ല.

(ബി) കൂടുതൽ പ്രദേശങ്ങളിൽ മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ ദേവികുളം പീരുമേട് താലൂക്കുകളുടെ കാര്യം പരിഗണിക്കുന്നതാണ്.

പുറന്തോക്കുകൾ.

* 104. [52] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) നമ്മുടെ പഞ്ചായത്താക്ടുകൾ വ്യവസ്ഥചെയ്തിരിക്കുന്ന വിധം പുറമ്പോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാതിരിക്കുന്നതിനു ഗവണ്മെന്റിനു് എന്തു കാരണമാണ് പറയാനുള്ളതു്;

(ബി) കാരണമുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ ഇനിയും എത്രകാലംകൂടി വേണ്ടിവരും ഗവണ്മെന്റെന്നു പറയാമോ;

(സി) ആക്ടുകൾ നടപ്പായതിനുശേഷവും ഗവണ്മെന്റ് പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾക്കെതിരായിപ്പോലും പുറംപോക്കുകൾ തൽപ്പരകക്ഷികൾക്കു് എൽപ്പിച്ചുകൊടുക്കുന്ന കേസുകളില്ലേ;

(ഡി) ആക്ടുകളിലെ വ്യവസ്ഥകളനുസരിച്ചു് പുറംപോക്കുകളൊഴികെ, ഇനിയും എത്രയെല്ലാമാണ് പഞ്ചായത്തുകൾക്കേൽപ്പിക്കാനുള്ളതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ), (ബി) ഈ വിഷയത്തെപ്പറ്റി പഞ്ചായത്താക്ടിൽ ഉള്ള 43-ാം വകുപ്പ് (ബി) ഉപവകുപ്പിൽ പുറംപോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണമെന്നു വ്യക്തമായി പറഞ്ഞിട്ടില്ല. പുറമ്പോക്കുകൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കണം എന്നാണ് പ്രസ്തുത വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അത്ഥം എന്നു് വ്യാഖ്യാനിക്കുവാൻ സാദ്ധ്യതയുണ്ടോ എന്നു് ഗവണ്മെൻറു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. അധികം താമസിയാതെ ഒരു തീരുമാനം ഉണ്ടാക്കുന്നതാണു്.

(സി) പുറംപോക്കുകളിൽ സ്വയംപ്രവേശിച്ചവരിൽ ചിലർ സ്വന്തം ഭൂമിയില്ലാത്തവരായിരുന്നതുകൊണ്ടു്, പഞ്ചായത്തുകളുടെ തടസ്സവാദങ്ങൾ അവഗണിച്ചുകൊണ്ടു് പ്രസ്തുത സ്ഥലങ്ങൾ പ്രവേശനക്കാർക്കുതന്നെ കുത്തകപ്പാട്ടത്തിനുകൊടുത്തിട്ടുണ്ടു്.

(ഡി) പഞ്ചായത്തു് ആക്ടു് 43–ം 44–ം വകുപ്പുകൾ പ്രകാരം പഞ്ചായത്തുകൾക്കുള്ള അധികാരങ്ങളും ഉത്തരവാദിത്വങ്ങളും താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചു് മാത്രമേ ഇപ്പോൾ പഞ്ചായത്തുകൾ പ്രയോഗിക്കുകയോ നിറവേറുകയോ ചെയ്യുന്നുള്ളൂ:—

1. Carrying out of petty irrigation works.
2. Sinking and repairing of wells, ponds or tanks for supply of water for drinking, bathing etc.
3. Lighting public roads.
4. Cleaning of streets and removal of rubbish, jungle growth etc.
5. Opening and maintenance of public markets.
6. Control of offensive and dangerous trades.
7. Opening and maintenance of public slaughter house.
8. Provision of radio service.
9. Provision for medical aid, midwifery etc.

പഞ്ചായത്തു മൈനർ ഇറിഗേഷൻ പണികൾ.

* 105. [53] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) 1954–55 വർഷത്തിൽ "മൈനർ ഇറിഗേഷൻ" ഇനത്തിൽ ഒറ്റപ്പണിയും അനുവദിച്ചുകൊടുത്തതായുള്ള പഞ്ചായത്തുകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടു്, തൃശ്ശൂർ ഡിസ്ട്രിക്ടിൽ എത്ര പഞ്ചായത്തുകൾ മൈനർ ഇറിഗേഷൻ പണികൾ നടത്തിയിട്ടുണ്ടു്;

(സി) പൊറത്തിശ്ശേരി പഞ്ചായത്തിൽ നിന്നും യഥാസമയം ആവശ്യപ്പെട്ടതായ മൈനർ ഇറിഗേഷൻ പദ്ധതികൾ അനുവദിച്ചുകൊടുക്കാതിരിക്കാൻ കാരണമെന്തു്;

(ഡി) ഇങ്ങിനെ അനുവദിക്കാത്തതായ പണികൾ ഇക്കൊല്ലം മുൻഗണനവച്ചു് അനുവദിച്ചുകൊടുക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954–55 വർഷത്തിൽ "മൈനർ ഇറിഗേഷൻ" ഇനത്തിൽ ഒറ്റപ്പണിയും അനുവദിച്ചുകൊടുക്കാത്തതായുള്ള പഞ്ചായത്തുകൾ ഉണ്ടു്.

(ബി) (1) പഞ്ചായത്തുകളിൽ നിന്നും അതാതുജോലികൾ സംബന്ധിച്ചുള്ള പ്രമേയങ്ങൾ അയച്ചുതരാത്തതുകൊണ്ടും മൈനർ

LIBRARY ARCHIVES Kerala Legislative Assembly